**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : T1731**

**10.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ഗാലക്സോൺ കമ്പനിയുടെ യോഗ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ. ടി.ജെ. വിനോദ്<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ<br>ശ്രീ. വി.ടി. ബൽറാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന 'സിംസ്' പദ്ധതിയുടെ ടെൻഡർ ലഭിച്ച ഗാലക്സോൺ കമ്പനിയുടെ ഒരു ഡയറക്ടറെ 31/10/2021 വരെയും മറ്റൊരു ഡയറക്ടറെ 31/10/2022 വരെയും കേന്ദ്ര കമ്പനികാര്യ മന്ത്രാലയം അയോഗ്യരാക്കിയിട്ടുള്ള സാഹചര്യത്തിൽ കമ്പനി നിയമം 2013 പ്രകാരം ഈ കമ്പനിക്ക് നിയമസാധുതയുണ്ടോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | എ) പരിശോധിച്ചിട്ടുണ്ട്. ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനത്തെയോ അവരുടെ ഉൽപ്പന്നങ്ങളെയോ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടോ എന്നതാണ് ടെൻഡറിൽ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം. |
| ബി) ജൂലൈ 2017-ൽ രൂപീകരിച്ച ഗാലക്സോൺ എന്ന സ്വകാര്യ കമ്പനിക്ക് ഈ മേഖലയിൽ മൂന്ന് വർഷം പ്രവൃത്തി പരിചയമുണ്ട് എന്ന് കെൽട്രോൺ ഉറപ്പ് വരുത്തിയതെങ്ങിനെയെന്ന് വിശദമാക്കാമോ? | ബി) ഗാലക്സോൺ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ 50% ഓഹരികൾ വഹിക്കുന്നത് വോസ്റ്റോക് കമ്പനിയാണ്. വോസ്റ്റോക് കമ്പനി ദുബായ് പോലീസിനു വേണ്ടി സമാനമായ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിന്റെ സാക്ഷ്യപത്രം ഇ-ടെൻഡർ സമയത്ത് ഗാലക്സോൺ സമർപ്പിച്ചിരുന്നു. രണ്ട് കമ്പനികളുടെയും പ്രവർത്തി പരിചയം മൊത്തത്തിൽ പരിഗണിച്ചാണ് ഗാലക്സോൺ കമ്പനിയെ തിരഞ്ഞെടുത്തത്. |

സെക്ഷൻ ഓഫീസർ